**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 11

27.6.2011 - ൽ
മറുപടിയ്ക്ക്

## കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടപ്പാക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ: അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) | |
| എ) | കേന്ദ്ര ഫണ്ടുകൾ സംസ്ഥാനത്ത് കാര്യക്ഷമമായി വിനിയോഗിക്കുന്നതിനും കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും എന്തെങ്കിലും പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | എ) | ബാംഗ്ലൂരിൽ നടന്ന ദക്ഷിണമേഖലയിലെ മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിൽ വച്ച് കേന്ദ്ര പദ്ധതികളുടെ മാനദണ്ഡങ്ങൾ സംസ്ഥാനങ്ങളുടെ സാഹചര്യത്തിനനുസരിച്ച് മാറ്റം വരുത്തുന്ന നിർദ്ദേശം കേരളം ഉന്നയിക്കുകയുണ്ടായി. ഈ കാര്യങ്ങളിൽ അനുകൂലമായ പ്രതികരണമാണ് പ്ലാനിംഗ് കമ്മീഷൻ ഡെപ്യൂട്ടി ചെയർമാൻ നടത്തിയത്. ഇതനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) | ഇപ്പോൾ പരിഗണനയിലുള്ള പ്രധാനപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണ്; ഇവയ്ക്ക് എത്ര തുക വീതം കേന്ദ്ര സഹായം ലഭ്യമാക്കും; | ബി) | ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള പ്രധാനപ്പെട്ട (10 കോടിക്ക് മേലുള്ള) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| സി) | കൂടുതൽ കേന്ദ്ര പദ്ധതികൾ ലഭ്യമാക്കുന്നതിനും അവ കേരളീയ സാഹചര്യത്തിനനുയോജ്യമാക്കി എടുക്കുന്നതിനും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | സി) | ഉത്തരം (എ) കാണുക. |

സെക്ഷൻ ഓഫീസർ